നാരങ്ങാനം തുളികളം പ്രൈമറിസ്കൂൾ.

151. [21] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട താലൂക്കിൽ കോഴഞ്ചേരി പ്രൈമറിസ്കൂൾ ഡിസ്ട്രിക്ട് ബോർഡിൽപ്പെട്ട നാരങ്ങാനം തുളികളം സർക്കാർ ഗവണ്മെന്റ് പ്രൈമറി സ്കൂളിൽ കുട്ടികൾക്ക് പഠിക്കുന്നതിനു് ആവശ്യമായ ക്ലാസുമുറികൾ ഇപ്പോൾ ഉണ്ടോ ;

(ബി) ഇല്ലെങ്കിൽ ടി സ്കൂളിനു ആവശ്യമായ കെട്ടിടം പണിയുന്നതിനുള്ള നടപടി ഗവണ്മെന്റ് ഉടൻ നടത്തുമോ?

ഉത്തരം.

(എ) ഇല്ല-

(ബി) നടത്താം.

പഞ്ചായത്തുകളിലെ പണികൾ.

152. [22] ശ്രീ. പി. കെ. ചാത്തൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 1954-55 വർഷത്തേയ്ക്കു ഡവലപ്പുമെന്റ് സ്കീം അനുസരിച്ചു പഞ്ചായത്തുകളിൽ നിന്നും പണികളുടെ ലിസ്റ്റയച്ചതിൽ എസ്റ്റിമേറുകൾ തയ്യാറാക്കാതെ എത്ര പണികൾ ഉണ്ടെന്നു പറയാമോ;

(ബി) പൊറത്തിശ്ശേരി പഞ്ചായത്തിൽ ഇത്തരം എത്ര പണികൾ 1-6-1955-ൽ ബാക്കിയായി കിടക്കുന്നു;

(സി) ഇത്തരം പണികളുടെ കാര്യത്തിലെ ഈ അനാസ്ഥയെ നീക്കം ചെയ്യാൻ ഗവണ്മെന്റ് എന്തു നടപടി എടുത്തിട്ടുണ്ട്?

ഉത്തരം.

(എ) 1954-55 വർഷത്തിൽ ഡവലപ്പുമെന്റ് പ്രകാരം അനുസരിച്ചു പഞ്ചായത്തുകളിൽനിന്നും ലിസ്റ്റ് അയച്ചതിൽ 1229 പണികൾ എസ്റ്റിമേറുകൾ തയ്യാറാക്കാതെ ബാക്കിയുണ്ട്.

(ബി) മൂന്നു പണികൾ.

(സി) ലോക്കൽ ഡവലപ്പുമെന്റ് പണികളുടെ നടത്തിപ്പുചുമതലകളിൽ ചില അധികാരം വരുത്തുകയും കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

ഹരിജനങ്ങൾക്കു നിവാസനം.

153. [23] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർ വടക്കേക്കരയിലോ എഴീക്കരയിലോ ഹരിജനങ്ങൾ തിങ്ങി താമസിക്കുന്നതുകൊണ്ടു് ഒരു കോളനി സ്ഥാപിക്കുന്ന കാര്യം ഗവണ്മെന്റ് ആലോചിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly